ദു:ഖവെള്ളി.

ഇന്ന് ദു:ഖവെള്ളി. ലോകം മുഴുവൻ ക്രൂശിതനായവനെ ധ്യാനിക്കുന്ന ദിവസം. ആകാശത്തിനും ഭൂമിക്കും മദ്ധ്യേ ജീവനെ ഉയർത്തിപ്പിടിച്ചവന്റെ ഓർമ്മകൾ ഇന്ന് ദു:ഖസാന്ദ്രമാണ്. ദു:ഖവെള്ളിയുടെ ചിന്തകൾ അയ്യപ്പപ്പണിക്കരുടെ ഗോത്രയാനം എന്ന കവിതയിൽ വിവരിക്കുന്ന കഥയിൽ നിന്നും തുടങ്ങാം.

ഗുരു പറഞ്ഞ കഥയാണിത്. ആടുകളെ സ്നേഹിച്ച ഇടയൻ അവയ്ക്ക് മേച്ചിൽപ്പുറങ്ങൾ അന്വേഷിച്ചു. അന്വേഷണം ദുരിതപൂർണ്ണമായിരുന്നു. കൊടിയ വരൾച്ച പച്ചപ്പുകൾ അന്യമാക്കി. ആടുകൾ വലഞ്ഞു, ഇടയനും. അപ്പോൾ ഒരു ഭൂതം അവർക്കു മുമ്പിൽ പ്രത്യക്ഷനായി പറഞ്ഞു. ''ദിവസവും ഒരാട്ടിൻകുട്ടിയെ എനിക്കു നൽകുമെങ്കിൽ നിനക്കാവശ്യമുള്ള വെള്ളവും, പുല്ലും ഞാൻ നൽകാം'' ഇടയൻ മനം നൊന്ത് തന്റെ ആടുകളെ നോക്കി അവയിലൊന്നിനെയും നഷ്ടപ്പെടുത്താൻ അവന്റെ മനസ്സ് അനുവദിച്ചില്ല. അവൻ പുൽമേടുകൾ തേടി യാത്ര തുടർന്നു. എത്തിയത് കൊടിയ മരുഭൂമിയിൽ. നിസഹായതയുടെ വറുതിയും അവൻ അനുഭവിച്ചറിഞ്ഞു അപ്പോൾ ഒരു വിചിത്രജീവി അവന്റെ അരികിലെത്തി പകുതി പക്ഷിയും പകുതി മൃഗവുമായ ജീവി, ഇടയനോടുപറഞ്ഞു; '' നിന്റെ ആടുകൾക്കു വേണ്ട പുല്ലും, വെള്ളവും ഞാൻ നല്കാം ഒരു വ്യവസ്ഥ പാലിക്കണം. ദിവസവും രണ്ട് ആടുകളെ എനിക്കു നല്കണം.'' വറുതിയുടെ കെടുതികൾ അനുഭവിച്ച തള്ളയാടുകൾ പറഞ്ഞു. ''ഞങ്ങളെ വിറ്റ് ഞങ്ങളുടെ കുഞ്ഞുങ്ങൾക്ക് ജീവിതം നൽകിക്കൊള്ളുക.'' പിള്ളയാടുകൾ എതിർത്തു. ''ഞങ്ങളെ വിറ്റ് ഞങ്ങളുടെ അമ്മമാരെ ജീവിക്കാൻ അനുവദിക്കുക.'' ഇടയൻ ഒന്നിനും കഴിയാതെ നിസ്സഹായനായി നിലകൊണ്ടു. ഒരു നിർദ്ദേശവും അവന് സ്വീകാര്യമായില്ല. ഭീകര ജന്തു പറന്നുപോയി. വെയിലിന്റെ കാഠിന്യം ഏറി വന്നു. ചുറ്റുപാടുകൾ ചുട്ടുപഴുത്തു. ഏതോ വിഭ്രാന്തിയിൽ ഇടയൻ അശരീരി കേട്ടു ''രണ്ടിലൊന്ന് '' നീ തീരുമാനിക്കുക ഇല്ലെങ്കിൽ നീയും നിന്റെ ആടുകളും നശിക്കും.'' ദു:ഖം കനം തൂങ്ങിയ വറുതി ദുരിതമായി പെയ്തിറങ്ങിയ നിമിഷത്തിൽ ധ്യാന നിരതനായി ഇടയൻ പറഞ്ഞു. '' നീഎന്നെ എടുത്തു കൊള്ളുക പകരം എന്റെ ആടുകൾ ജീവിക്കണം. ഇടയൻ മരിച്ചുവീണു. അവിടം പൂക്കളമായി. പുൽമേടുകൾ ഹരിതഭംഗിയിൽ നിറഞ്ഞു. അതിനു ചുറ്റും അരുവികൾ നിറഞ്ഞൊഴുകി. ആടുകൾ സമൃദ്ധിയിൽ ജീവിച്ചു. അയ്യപ്പപണിക്കർ കഥ പറഞ്ഞ് അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്;

''ശരിക്കിതിൻ പൊരുൾ കിട്ടാൻ
ഭാവി മർത്യൻ ശ്രമിക്കുമോ.''

കഥയുടെ പൊരുളുകളുടെ ഇഴ തിരിച്ചെടുക്കാൻ ദിവസങ്ങളുടെ മനനം അനിവാര്യമാണ്. ദു:ഖവെള്ളിയുടെ അർത്ഥങ്ങളിലേയ്ക്ക് ഈ ഇടയൻ നമ്മെ നയിക്കുന്നു. കുരിശിൽ മരിച്ച നല്ലിടയൻ ജീവൻ അർപ്പിച്ചവനാണ്. ആടുകൾ ജീവിക്കാൻ സ്വമനസ്സാലെയുള്ള സമർപ്പണമായിരുന്നു അത്. എങ്കിലും ദു:ഖവെള്ളിയുടെ വൃത്താന്തങ്ങളിൽ കാര്യകാരണങ്ങളുടെ നീണ്ട നിരയുണ്ട്.

ഗത്സെമനിയിലെ ഹൃദയം നിറഞ്ഞ പ്രാർത്ഥനയിൽ ദു:ഖവെള്ളിയുടെ വേദന സാന്ദ്രമാകുന്നു. ജീവനും മരണത്തിനും ഇടയിലെ നിസ്സഹായതയിൽ നിന്നാണ് ആ പ്രാർത്ഥന. ''കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും അകന്നുപോകട്ടെ. എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നിറവേറട്ടെ.'' രക്തം വിയർക്കുവോളം ദു:ഖമനുഭവിച്ച പ്രാർത്ഥനയിലും രക്ഷകൻ ആഗ്രഹിച്ചത് ദൈവഹിതം നിറവേറ്റാനാണ്. ജീവിതത്തിന്റെ,

പ്രാർത്ഥനയുടെ അനശ്വര മാതൃകയായി ദിവ്യരക്ഷകൻ മാറുന്നത് ഇവിടെയാണ്. പ്രാർത്ഥന കളിലും ജീവിതത്തിലും നിസ്സാര കാര്യങ്ങളിൽ പോലും നമ്മുടെ ഇഷ്ടം നിറവേറ്റുവാൻ വ്യഗ്രചിത്തരാകുമ്പോൾ യേശുനാഥൻ സ്വന്തം ജീവിതത്തിനും മരണത്തിനും മുകളിൽ ദൈവത്തിന്റെ ഹിതം നിറവേറ്റുവാൻ പ്രാർത്ഥിക്കുന്നു. കാൽവരിയിലേയ്ക്കുള്ള ചുവടുകൾക്ക് ബലം നല്കിയ പ്രാർത്ഥനയാണത്. കുരിശേറുമ്പോഴും മനം തകരാത്ത ശക്തിയുടെ കാര ണവും ഈ പ്രാർത്ഥനയുടെ ആദ്ധ്യാത്മികതയാണ്. ജീവിതത്തിലെ സഹനങ്ങളിൽ തകർന്നു പോകാതിരിക്കാൻ എന്നും നമ്മൾ അനുകരിക്കേണ്ട മാതൃകയാണത്.

ദു:ഖവെള്ളിയുടെ കാരണക്കാർ ഏറെയാണ്. മുപ്പതു വെള്ളിക്കാശുകൾ തിള ങ്ങി കിലുങ്ങിയപ്പോൾ മതിമറന്നുപോയ യൂദാസ് ആദ്യം ദൃഷ്ടിപഥത്തിലെത്തുന്നു. മൂന്നു കൊല്ലത്തെ സൗഹൃദത്തിന്, നാഥൻ പകർന്നുതന്ന ജീവിത തികവിന് പ്രത്യുപകാരം, ഒരു ചുംബനത്തിലൂടെ നല്കിയ യൂദാസ്. മുപ്പതു വെള്ളിക്കാശിനപ്പുറം നാഥന്റെ വില നിശ്ചയി ക്കാൻ കഴിവില്ലാതെപോയ നിർഭാഗ്യവാൻ. ഒരു മരത്തിന്റെ കൊമ്പിൽ അവന്റെ ജീവിതം ഒടുങ്ങുമ്പോൾ ചരിത്രം അവന് വിശേഷണം കണ്ടെത്തിയിരുന്നു. ഒറ്റുകാരൻ യൂദാസ് സ്ക റിയോത്ത. ഒരിക്കലും മോചനം കിട്ടാത്ത അഭിശപ്തമായ ഓർമ്മയായ, പരിഹാസ്യനായ പ്രതിയോഗിയായി യൂദാസ് ഇന്നും മാറുന്നു.

യൂദാസിനെ പരിഹസിക്കുന്നതിനു മുൻപ് നമുക്കിന്ന് ആത്മശോധന നടത്ത ണം. എത്രവട്ടം വിലപ്പെട്ട നാഥന് നമ്മൾ വില നിശ്ചയിച്ചു? വ്യക്തിപരമായ നേട്ടങ്ങൾക്കു വേണ്ടി നമ്മൾ എത്രപേരെ മുറിപ്പെടുത്തി? ഒറ്റിക്കൊടുത്തു? സ്ഥാനമാനങ്ങൾക്ക്, സൗകര്യ ങ്ങൾക്ക്, സമ്പത്തിന്, പേരിനും പെരുമയ്ക്കും ദൈവത്തേക്കാൾ വിലകൊടുത്തപ്പോൾ സഹോ ദരങ്ങളെ ബലികൊടുത്തപ്പോൾ നമ്മൾ ഒറ്റുകാരായിരുന്നു. സ്നേഹത്തെ, ദൈവത്തെ മാനു ഷീകമായ ചുംബനത്തിന്റെ വശ്യമായ പുറം മോടിയിൽ മറച്ച് കാപട്യത്തെ ഉള്ളിൽ കുടിയി രുത്തിയവർ. ദു:ഖവെള്ളി, ഒറ്റുമരത്തിന്റെ കൊമ്പിൽ നിന്ന് മുഖം മൂടികൾ വലിച്ചെറിഞ്ഞ് ദൈവീകതയിലേയ്ക്ക് മടങ്ങിവരാനുള്ള ദിവസമാണ്.

ദു:ഖവെള്ളിയുടെ മറ്റൊരു ദുരന്ത ചിത്രം പത്രോസാണ്. തീകായുന്ന ലാഘവ ത്തോടെ ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസ്. ഒരിക്കലും ഗുരുവിനെ ഉപേക്ഷിക്കില്ലെന്നു വാക്കുകൊടുത്ത പത്രോസ്. പക്ഷേ കേവലം പരിചാരികയുടെ ചോദ്യത്തിനു മുമ്പിൽ പത്രോസ് പതറി. മൂന്നു വർഷത്തെ ദൈവീകതയെ, അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് കടലിനു മീതെ പ്രാമാണ്യം നേടിയ ഗുരുവിനെ പത്രോസ് മറന്നു. ഞാനാ മനുഷ്യനെ അറി യില്ലെന്ന് അവൻ ആവർത്തിച്ചു. മരണത്തിന്റെ, ഒറ്റപ്പെടലിന്റെ ഭയപ്പാടിൽ പത്രോസ് തന്റെ ഗുരുവിനെ അറിഞ്ഞില്ല. വെറും കാഴ്ചക്കാരന്റെ പുറപ്പാടേ പത്രോസിനുണ്ടായിരുന്നുള്ളു. അതിനുമപ്പുറം ഉൾക്കാഴ്ചകളും ബോദ്ധ്യങ്ങളും യേശുവിന്റെ അന്ത്യ നിമിഷങ്ങൾക്ക് അനു ഗാമിയായ പത്രോസിനന്യമായിരുന്നു. പാതിരാക്കോഴികൂവി പത്രോസിനെ സത്യത്തിലേയ്ക്ക് ഉണർത്തി എന്നും ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു. എങ്കിലും അനിവാര്യമായ നിമിഷങ്ങ ളിൽ പതറിയ പത്രോസിന്റെ ദൗർബല്യം ദു:ഖവെള്ളിയ്ക്ക് മറക്കാനാവില്ല. കോഴികൂവു മ്പോൾ മനം നൊന്തു കരയുന്ന പത്രോസ് നമുക്കു മുൻപിലെ വെളിപാടാണ്. സ്നേഹിച്ച ദൈവത്തെ തള്ളിപ്പറഞ്ഞ നിമിഷങ്ങൾ നമുക്കോരോരുത്തർക്കും സ്വന്തമാണ്. കരുതലും വാത്സല്യവും നല്കി പരിപാലിച്ച ദൈവത്തെ നമ്മൾ എത്രയോ വട്ടം തള്ളിപ്പറഞ്ഞിരിക്കു ന്നു. തിരിച്ചറിവുകളിലേയ്ക്ക് വിളിച്ചുണർത്തി ജീവിതാനുഭവങ്ങൾ എത്രയോ സൂചകങ്ങൾ

നിരത്തി? ഓരോദിവസവും കിടക്കവിട്ട് ഉണരുമ്പോൾ അത് ദൈവകൃപകൊണ്ടാണ് എന്നു പറയുവാൻ ഇനിയും നമ്മൾ പഠിക്കണം. നിന്റെ കരങ്ങളും പാദങ്ങളും ചലിക്കുന്നത് ദൈവത്തിന്റെ കാരുണ്യത്തിലാണെന്ന ബോദ്ധ്യമാണ് ഒരിക്കലും നാഥനെ നിഷേധിക്കാനാവാത്ത അനുഭവത്തിൽ നമ്മെ എത്തിക്കുന്നത്. അല്ലെങ്കിൽ വിശ്വാസ ജീവിതത്തിൽ കാഴ്ചക്കാർ മാത്രമായി നമ്മൾ അധ:പതിക്കുകയാണ്. ഓർക്കുക കാഴ്ചക്കാരന്റെ നിസംഗതയിൽ ഭീരുത്വത്തിന്റെ ദൗർബല്യം മുഴുവൻ വ്യക്തമാണ്.

പീലാത്തോസ് ദു:ഖവെള്ളിയുടെ ദു:ഖത്തിൽ നിന്ന് കൈകഴുകി ഒഴിഞ്ഞു മാറിയവനാണ്. വിചാരണയ്ക്കു മുൻപേ ബോദ്ധ്യമുള്ള സത്യം. നസ്രായൻ യേശു കുറ്റക്കാരനല്ല എന്നിട്ടും പ്രമാണിമാരെ, ജനക്കൂട്ടത്തെ ഭയന്ന രാജാവ് വെള്ളിത്താലത്തിൽ കൈകഴുകി. ''ഈ നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല.'' ചരിത്രം ഇന്നും ഈ ഒഴിഞ്ഞുമാറലിനെ പരിഹസിക്കുന്നു, അതിന്റെ പിന്നിലെ ദൗർബല്യത്തെയും. പീലാത്തോസിന്റെ കൺമുൻപിൽ ദൈവീകത അതിന്റെ ശാന്തതയിലും സമചിത്തതയിലും പ്രത്യക്ഷപ്പെട്ടതാണ്. മരണത്തെപ്പോലും ഭയപ്പെടാതെ നിലയുറപ്പിച്ച ആധാരികതയുടെ ആൾരൂപമായിരുന്നു അത്. എന്നിട്ടും കുരിശുമരണവും മുൾക്കിരീടവും മനുഷ്യപുത്രന് വച്ചുകൊടുക്കുകയാണ് പീലാത്തോസ് ചെയ്തത്. കാൽവരിയിലേയ്ക്ക് വഴി തെളിച്ചുകൊടുത്ത പീലാത്തോസ് നമുക്കു മുൻപിൽ ചോദ്യചിഹ്നമാണ്. പക്ഷേ എത്രയോ വട്ടം യേശുനാഥനുവേണ്ടി മുൾക്കിരീടവും മരക്കുരിശും നമ്മൾ തീർത്തിരിക്കുന്നു. സഭയെ, പരിഹാസത്തിന്റെ മേലങ്കി അണിയിച്ചിരിക്കുന്നു. കൊടിയവിമർശനത്തിന്റെ ചമ്മട്ടിയടികൊണ്ട് ക്രിസ്തീയതയെ മുഴുവൻ നമ്മൾ പ്രഹരിച്ചു? എന്നിട്ടും സ്വന്തം ഉത്തരവാദിത്വത്തിൽ നിന്ന് കൈകഴുകി ഒഴിഞ്ഞുമാറി. അടിസ്ഥാനപരമായി ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നവനാണ് ജീവിതത്തെ നേടുന്നത്. ദൈവം ഏൽപ്പിച്ച കർത്തവ്യങ്ങളെ തിരസ്കരിക്കുമ്പോൾ നമ്മൾ പീലാത്തോസിനേക്കാളും അധ:പതിക്കുന്നു. പിതാവിന്റെ, മാതാവിന്റെ, മക്കളുടെ, സഹോദരങ്ങളുടെ തുടങ്ങി ജീവിതത്തിന്റെ വ്യത്യസ്തങ്ങളായ ഉത്തരവാദിത്വങ്ങളെ കൈകഴുകി പിൻവാങ്ങുമ്പോൾ നമ്മൾ നീതീകരിക്കാനാവാത്ത പരിഹാസ്യരായി മാറുകയാണ്. ഈ ദു:ഖവെള്ളി കർത്തവ്യനിരതരാകുവാൻ നമ്മെ നിർബന്ധിക്കുന്നുണ്ട്. സ്വന്തം കുരിശു ചുമക്കുവാനുള്ള ആഹ്വാനമാണത്. കൂട്ടിവായിക്കുമ്പോൾ വ്യക്തമാകുന്ന സത്യമുണ്ട്, തിരിച്ചറിവുകൾ നഷ്ടമാകുന്നിടത്ത് ദു:ഖവെള്ളികൾ രൂപപ്പെടുന്നു. യൂദാസ് അറിയാതെപോയ നാഥന്റെ വില, പത്രോസ് തള്ളിപ്പറഞ്ഞ ഗുരുവിന്റെ ആത്മാർത്ഥത, പീലാത്തോസ് വിധിപറഞ്ഞ ദൈവീകത - എന്നെങ്കിലും അവരത് തിരിച്ചറിഞ്ഞിരുന്നെങ്കിൽ ഒരിക്കലും യേശുനാഥൻ ക്രൂശിക്കപ്പെടില്ലായിരുന്നു. നേരറിവുകളിലേയ്ക്കും നേർക്കാഴ്ചകളിലേയ്ക്കും ദു:ഖവെള്ളികൾ നമ്മെ നയിക്കണം.

കുരിശേറിയവനെ ഈ പ്രകൃതി അതിന്റെ എല്ലാ ഭാവങ്ങളിലും അറിഞ്ഞു. പാറകൾ പൊട്ടിപ്പിളർന്നു, പ്രേതാലയങ്ങൾ തുറക്കപ്പെട്ടു, ദൈവാലയത്തിന്റെ തിരശീല നെടുകെ കീറിപ്പോയി. മൂന്നുമണിമുതൽ ആറുമണിവരെ ഭൂമിയിലെങ്ങും അന്ധകാരമായിരുന്നു. സൂര്യൻ ഇരുണ്ടു നക്ഷത്രങ്ങൾ നിലം പതിച്ചു. പ്രകൃതിയ്ക്കു താങ്ങാനാകാത്ത ഒരു മരണത്തിന്റെ പ്രത്യാഘാതത്തെ സുവിശേഷകൻ ചിത്രീകരിക്കുന്നത് അങ്ങനെയാണ്. ആകാശത്തിനും, ഭൂമിയ്ക്കും കുരിശ്ശിൽ മരിച്ച നാഥനെ തിരിച്ചറിയാൻ കഴിഞ്ഞു. ഭക്തിഗാനത്തിലെ വരികൾ ഇങ്ങനെയാണ്.

ആകാശവും നിന്റെ പൊരുളറിഞ്ഞു
ഈ ഭൂമിയും നിന്റെ നേരറിഞ്ഞു
അറിയാത്തവർ ഞങ്ങളല്ലോ
അനുഗമിക്കാത്തതും ഞങ്ങളല്ലോ
നാഥാ നീയിന്നും മനുഷ്യന്റെ മനസ്സാകും കുരിശിലല്ലോ.

മരുഭൂമിയും നീരുറവകളും കടലും കരയും അവന്റെ നേരറിഞ്ഞു പ്രതികരിക്കാൻ കഴിഞ്ഞു. എന്നിട്ടും കുരിശിൽ മരിച്ചവന്റെ സ്നേഹത്തെ, ഞാൻ മറന്നുപോകുന്നു. ദൈവം എനിക്ക് കുരിശിൽ മരിക്കാൻ പോന്ന വില നിശ്ചയിച്ചു. പക്ഷേ ഞാൻ ദൈവത്തിനു നല്കിയ സ്ഥാനമെന്താണ്? കുരിശിലെ അവന്റെ പ്രാർത്ഥന - ''ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല ഇവരോടു ക്ഷമിക്കേണമേ.'' എന്നത് ഹൃദയം അലിഞ്ഞുചേരുന്ന പ്രാർത്ഥനയാണ്. ജീവിതത്തിൽനിന്ന് വിദ്വേഷവും പകയും എന്നേയ്ക്കും കുടിയിറക്കാനുള്ള പ്രാർത്ഥന. കലഹങ്ങളും, ശത്രുതകളും അകന്നുപോകുമ്പോൾ മാത്രം നിറവേറുന്ന സത്യമാണത്.

ക്രൂശിതനായ യേശുവിനെ നമ്മൾ മനസ്സിൽ എന്നും ധ്യാനിക്കണം. മനസ്സിലെ ഭാരങ്ങളും ജീവിതത്തിന്റെ സഹനങ്ങളും അവന്റെ മുൻപിൽ തൊഴുകൈകളോടെ സമർപ്പിക്കണം. അവന്റെ മുറിപ്പാടുകളിൽ നിന്ന് നിന്റെ ജീവിതത്തിന്റെ വേദനകൾക്കും, രോഗങ്ങൾക്കും അസ്വസ്ഥതകൾക്കും സൗഖ്യം നേടണം. ദു:ഖവെള്ളിയുടെ ശക്തി അതാണ്. അല്ലെങ്കിൽ കിരിശിൽ മരിച്ചവനെ ഓർത്ത് കരയുന്നവരും സഹതപിക്കുന്നവരുമായി നമ്മൾ അധ:പതിക്കും. അതവന് ആവശ്യമില്ല. കാരണം ഏറ്റവും ശക്തനായിട്ടാണ് അവൻ കുരിശിൽ മരിക്കുന്നത്. ബലഹീനതകളെ പരിമിതികളെ കാൽച്ചുവട്ടിലാക്കിയാണ് അവൻ കുരിശിൽ ബലിയായത്. ഖലിൽ ജിബ്രാൻ ഇങ്ങനെ പറയും ; ''ഇന്ന് ദു:ഖവെള്ളി സകല ക്രിസ്ത്യാനികളും കുരിശിൽ മരിച്ചവന്റെ ഓർമ്മകൾക്കു മുൻപിൽ കണ്ണുനീരോടെ കൈകൾകൂപ്പും. അവന്റെ പീഠാസഹനങ്ങളിൽ വിലപിച്ച് കരയും. പക്ഷേ പകലിന്റെ അരങ്ങിനു മുകളിൽ രാത്രിയുടെ കർട്ടൻ വീഴുമ്പോൾ സ്വന്തം ദുരാഗ്രഹങ്ങളുടേയും, അജ്ഞതയുടേയും നിഴലാട്ടങ്ങളിൽ അവൻ മയങ്ങും.'' ജീവിതത്തിൽ ഒരു മാറ്റവും വരുന്നില്ലെങ്കിൽ കുരിശിൽ മരിച്ചവന് ഒരു പ്രസക്തിയുമില്ലെന്ന് നമ്മൾ തിരിച്ചറിയണം ഖലിൽ ജിബ്രാൻ നമ്മെ ഓർമ്മിപ്പിക്കുന്ന സത്യവും മറ്റൊന്നല്ല.

ഇടയന്റെ കഥ പറഞ്ഞാണ് നമ്മൾ തുടങ്ങിയത്. കഥയുടെ പൊരുൾ ഗ്രഹിക്കുവാൻ നമുക്കു കഴിയണമെങ്കിൽ ഇനിയും കുരിശിന്റെ വഴിയിലൂടെ ധ്യാനനിരതരായി ബഹുദൂരം സഞ്ചരിക്കണം. ഇടയന്റെ കനിവും സ്നേഹവും ആത്മാർത്ഥതയും ബലിയാകുന്നിടത്ത് ജീവന്റെ പുതിയ ഉറവകൾ പൊട്ടിപ്പുറപ്പെടുന്നത് നമ്മൾ കണ്ടെത്തും. എന്റെ ജീവിതത്തിലും കനിവിന്റെ ദൈവികതയുടെ പുതിയ ഉറവകൾ രൂപപ്പെടുത്തണമെന്ന് ക്രൂശിതനായവൻ ആഗ്രഹിക്കുന്നു. അതിനായി ജീവിതവ്യഗ്രതകളെല്ലാം വെടിഞ്ഞ് ഏകാഗ്രതയിൽ അവന്റെ കുരിശിന്റെ വഴികളിൽ നമുക്ക് ധ്യാനനിരതരാകാം.

ഫാ. ഫ്രാൻസീസ് കോലോത്ത്.